(ബി) അന്തർ സംസ്ഥാന തൊഴിലാളികളെ തൊഴിലിനായി കൊണ്ടുവരുന്ന കരാറുകാർക്ക് തൊഴിൽ വകുപ്പ് മുഖേന അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിൽ ക്രമീകരണവും, സേവന വ്യവസ്ഥയും) നിയമത്തിലെ ചട്ടം-7 പ്രകാരം നിശ്ചിത ഫീസ് നിരക്കിൽ ലൈസൻസ് നൽകി വരുന്നുണ്ട്. എസ്.ആർ.ഒ. നമ്പർ 42/98 നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും അതാത് ജില്ലാ ലേബർ ഓഫീസർ (ഇൻഫോഴ്സ്മെന്റ്)-മാരും സംസ്ഥാനതലത്തിൽ ജില്ലാ ലേബർ ആഫീസർ (ആസ്ഥാനം)-ഉം ആണ് അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ തൊഴിലിനായി നിയോഗിക്കുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്ന ഉദ്യോഗസ്ഥർ. ഇത്തരത്തിൽ 1209 കരാറുകാർക്ക് തൊഴിൽ വകുപ്പു മുഖേന ലൈസൻസ് നൽകിയിട്ടുണ്ട്. ഇപ്രകാരം 51867 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികൾ

246 (954) ശ്രീ. കെ. എൻ. എ. ഖാദർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) തൊഴിലാളികളെന്ന ഭാവത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് മോഷ്ടാക്കളും തീവ്രവാദികളും മറ്റും കേരളത്തിൽ എത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരക്കാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ സമഗ്രമായ വിവരം ശേഖരിച്ച് സൂക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൊഴിൽ വകുപ്പിൽ ഇതിനുള്ള സംവിധാനം ഇല്ല.

(ഡി) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly